വ്യവസായ വകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) 2,597.

(ബി) കേന്ദ്ര ഗവണ്മെൻറും, സംസ്ഥാന ഗവണ്മെൻറും ഫാക്ടറീസ് ആക്ട്പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 50 (അൻപതു്) വ്യവസായ യൂണിറ്റുകളം നടത്തുന്നു. ബാക്കി 2,547 വ്യവസായ സ്ഥാപനങ്ങളം സഹകാര്യമേഖലയിലുണ്ടു്.

(സി) പേരുകളം അടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു് †

(ഡി) 2273 എണ്ണമുണ്ടു്.

വായന ശാലകൾ

* 768 [12] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമുള്ള എത്ര വായനശാലകൾ സംസ്ഥാനത്തുണ്ടു്;

(ബി) എത്രയെണ്ണത്തിനു ബിൽഡിംഗ് ഗ്രാൻറു് നൽകിയിട്ടുണ്ടു്;

(സി) ബിൽഡിംഗ് ഗ്രാൻറു നൽകുന്നതിനുള്ള എത്ര അപേക്ഷകൾ ഗവണ്മെൻറിൻെറ കൈവശം തീരുമാനിക്കപ്പെടാതെ കിടപ്പുണ്ടു്;

(ഡി) കെട്ടിടം പണി തീർന്നിട്ടുള്ള എല്ലാ വായനശാലകൾക്കും ഗ്രാൻറു് 6 മാസത്തിനകം കൊടുക്കാൻ വേണ്ടതു ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ ആർ.ശങ്കർ): (എ) 1,043.

(ബി) 57 (അൻപത്തേഴു്).

(സി) പത്തു്.

(ഡി) അർഹതയുള്ള എല്ലാ വായനശാലകൾക്കും എത്രയുംവേഗം ഗ്രാൻറു കൊടുക്കുന്നതാണു്.

ശ്രീ. എം എം. മത്തായി: വായനശാലകൾക്കു ബിൽഡിംഗ് ഗ്രാൻറു കൊടുക്കുന്നതു് ഏതു മാനദണ്ഡം അനുസരിച്ചാണു്?

ശ്രീ. ആർ. ശങ്കർ: പ്രത്യേകിച്ചു മാനദണ്ഡമൊന്നും വച്ചിട്ടില്ല. കെട്ടിടങ്ങൾക്കു ചെലവാകുന്നതുകയുടെ ഒരു ചെറിയ ശതമാനം ഗ്രാൻറായി കൊടുക്കുന്നുണ്ടു്. പരമാവധി പതിനയ്യായിരം രൂപ എന്നു നിശ്ചയിച്ചിട്ടുണ്ടു്.

ശ്രീ. പി. സി. അരിച്ചൻ: ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള വായനശാലകൾക്കെട്ടിടങ്ങൾക്കു് ഗ്രാൻറു കൊടുക്കുന്നുണ്ടോ?

ശ്രീ. ആർ. ശങ്കർ: ഇതിൽ പറയുന്നതു് വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിലുള്ള വായനശാലകളുടെ കാര്യമാണു്.

ശ്രീ. പി. പി. കുഞ്ഞുണ്ണിനായർ: മലബാർ ഭാഗത്തുള്ള ലോക്കൽ ലൈബ്രറി അഥോറിട്ടീസിനു് ഈ ഗ്രാൻറുശരിക്കു കിട്ടുന്നില്ല. അവിടത്തെ ജോലിക്കാർക്കു ശമ്പളംകൊടുക്കാനും സാധിക്കുന്നില്ല. കേരളത്തിലുള്ള വായനശാലകളും, ലോക്കൽ ലൈബ്രറി അഥോറിട്ടീസു നടത്തുന്ന വായനശാലകളും ഏകീകൃതമായ ഒരു നിയമത്തിനു വിധേയമാക്കുമോ?

ശ്രീ. ആർ. ശങ്കർ: ലൈബ്രറി നിയമം ഏകീകരിക്കുന്നതിനെപ്പറ്റി ഗവണ്മെൻറു് ആലോചിച്ചുവരികയാണു്.

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ആദിച്ചൻ: ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 100 വായനശാലകൾവരെയുണ്ട്. അവയ്ക്കും പ്രത്യേകം കെട്ടിടം ആവശ്യമില്ലേ; അതിനു ഗ്രാന്റുകൊടുക്കുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. ആർ ശങ്കർ: അതിനു പ്രത്യേക പരിപാടിയൊന്നും ഇല്ല. ഇതിനാവശ്യമായ കെട്ടിടങ്ങൾ അവിടവിടെ സ്വയം ഉണ്ടാക്കുമ്പോൾ ചെറിയ സഹായം ഗവണ്മെന്റു കൊടുക്കുന്നുണ്ട്.

ശ്രീ. സി. എ. മാത്യു: കേന്ദ്ര വിദ്യാഭ്യാസ വകുപ്പിൽനിന്നു്, സംസ്ഥാനത്തെ വായനശാലകൾക്കുവേണ്ടിയുള്ള കെട്ടിടങ്ങൾക്കു് പതിനായിരംരൂപ വരെ ഗ്രാന്റു ലഭിക്കാൻ സാദ്ധ്യതയുണ്ടു്. പല വായനശാലകളും അതിനുവേണ്ടി അപേക്ഷകൾ ഡിപ്പാർട്ടുമെന്റിൽ നൽകിയാൽ, യഥാസമയം റക്കമെൻഡു ചെയ്യാതെ, അതു കിട്ടാനുള്ള സാധ്യത ഇല്ലാതാവുന്നുണ്ടു്. കേന്ദ്രഗവണ്മെന്റിൽനിന്നു കിട്ടുന്ന ഈ തുക ഉപയോഗപ്പെടുത്തുന്നതിനു സത്വരമായ നടപടി ഗവണ്മെന്റു സ്വീകരിക്കുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെയുള്ള അപേക്ഷകൾ അയച്ചിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി പ്രത്യേകം ചോദിച്ചാൽ മാത്രമേ മറുപടി പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. കെ. എം. ജോർജ്ജ്: കോട്ടയത്തു്, ഒരുപക്ഷേ, സംസ്ഥാനത്തെ ഏറ്റവും അഭിമാനകരമായ, അന്തസ്സുള്ള ഒരു വായനശാലാ കെട്ടിടം പണിതീർന്നുകൊണ്ടിരിക്കുന്നതിനു് ഗ്രാന്റിനുവേണ്ടി അപേക്ഷ ലഭിച്ചിട്ടുണ്ടോ? എത്ര ഗ്രാന്റു കൊടുത്തു?

ശ്രീ. ആർ. ശങ്കർ: അതിനു 15,000 രൂപാ ഗ്രാന്റു കൊടുത്തിട്ടുണ്ടു്. അതാണു കൂടിയ തുക ഗ്രാന്റായി കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ളതു്. അതുപോലെതന്നെ, ഒരുലക്ഷം രൂപാവരെ ചെലവു ചെയ്തു കെട്ടിയിട്ടുള്ള അപൂർവ്വം ചില കെട്ടിടങ്ങൾക്കു 15,000ക. ഗ്രാന്റു കൊടുത്തിട്ടുണ്ടു്.

"C. Mathai സ്മാരകഫണ്ടു്"

* 769 [13] ശ്രീ. കെ. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) "C. Mathai സ്മാരകഫണ്ടു്" ഇന്നു് ഏതു വിധത്തിൽ വിനിയോഗിക്കുന്നു;

(ബി) സ്ഥാപകരുടെ ഉദ്ദേശത്തിനു വിരുദ്ധമായിട്ടാണു് ആ ഫണ്ടു് ഇന്നു വിനിയോഗിക്കുന്നതു് എന്നു് ആക്ഷേപമുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): (എ) "C. Mathai Memorial Scholarship Fund for the Handicapped", "C. Mathai Memorial Prize Fund", എന്നീ രണ്ടു ഫണ്ടുകളുടെ നടത്തിപ്പിനായി ഗവണ്മെന്റു അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ കോപ്പികൾ മേശപ്പുറത്തു വച്ചിട്ടുണ്ടു്†

(ബി) ഉണ്ടു്.

ശ്രീ. കെ. സി. ഏ. ബ്രഹാം: ഈ എൻഡോവ്മെന്റു സ്ഥാപിച്ച കാലത്തെ ഉദ്ദേശത്തിനു വിരുദ്ധമായ ഒരു സ്കീം ആണു് മേശപ്പുറത്തു വച്ചിട്ടുള്ളതു്. അങ്ങനെ ഭേദഗതി ചെയ്യാൻ ഉണ്ടായ സാഹചര്യം എന്താണു്; അതിനു് സ്ഥാപകന്റെ ഇന്നത്തെ അവകാശികളുടെ അനുവാദം വാങ്ങിയിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: കൂടുതൽ വിവരങ്ങൾ ഇപ്പോൾ ഇല്ല. പ്രത്യേകം ചോദിച്ചാൽ പറയാം.

† Appendix III.

LIBRARY ARCHIVES Kerala Legislative Assembly